19713/2023

# പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ
# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം –

തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല – തൃക്കാക്കര നഗരസഭ കാക്കനാട് വില്ലേജ് വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 28/02/2023 ലെ ടി.പി.-ബിഎ-513/2022 നമ്പർ കത്ത്.

2. എറണാകുളം ജില്ലാ ടൗൺ പ്ലാനറുടെ 31/03/2023 തീയതിയിലെ TCPEKM/338/2023-D നമ്പർ കത്ത്.

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/25056/2023-TCPA2 തീയതി:17-06-2023

---

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭ പരിധിയിലുള്ള കാക്കനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 650/2-2-8-ൽ ഉൾപ്പെട്ട 3767 ച.മീ സ്ഥലത്ത് 2092.61 ച.മീ ഏരിയായിൽ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരത്തിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.അജിൽ ജോസ്, വടക്കേൽ ഹൗസ്, തൃക്കാക്കര.പി.ഒ, കാക്കനാട്-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി തൃക്കാക്കര-പാട്ടുപുരക്കൽ ഡി.ടി.പി സ്കീം പ്രകാരം, കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1.താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും ,കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 5 (4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /N.O.C ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിടനിർമ്മാണ അനുമതി നൽകാവൂ.

2 . കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 9 (2) പ്രകാരം പ്ലോട്ടിന്റെ ഉടമസ്ഥത, സർവ്വേ നമ്പരുകൾ , വിസ്തൃതി. അതിരുകൾ. അളവുകൾ , അപേക്ഷകന്റെ ഉടമസ്ഥാവകാശം. നിർമ്മാണവകാശം. തുടങ്ങിയവയും നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.

I/19713/2023

3)തൃക്കാക്കര-പാട്ടുപുരക്കൽ ഡി.ടി.പി സ്കീം പ്രകാരം ആവശ്യമായ കാർ പാർക്കിംഗ് നൽകികൊണ്ടുള്ള സൈറ്റ് പ്ലാൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും ടി പ്ലാനുകൾ പരിശോധിച്ച് ചട്ടപ്രകാരമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പെർമിറ്റിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

4)നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

5)നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 17-06-2023 11:47:45

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനറുടെ വേണ്ടി)

സെക്രട്ടറി, തൃക്കാക്കര നഗരസഭ, കാക്കനാട്.പി.ഒ, കൊച്ചി-682030

പകർപ്പ്:-

1. ശ്രീ.അജിൽ ജോസ്, വടക്കേൽ ഹൗസ്, തൃക്കാക്കര.പി.ഒ, കാക്കനാട് , എറണാകുളം-682021.
2. ജില്ലാ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം